# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ: ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 9776/11/12/2024/**

പരാതികക്ഷി
1) സന്ധ്യ ക്ലമൻ്റ്, Flat No. A1, Koduvettoor Castle
നന്ദൻകോട്,തിരുവനന്തപുരം
2) അന്നമ്മ ജോൺ

എതിർകക്ഷികൾ റിജയ് ഈപ്പൻ

**ഉത്തരവ് തീയതി 06.11.2025**

പരാതികക്ഷി താമസിക്കുന്ന അപ്പാർട്ട്മെന്റിലെ മറ്റൊരു താമസക്കാരനായ എതിർകക്ഷി ഗ്രൗണ്ട് ഫ്ലോറിലെ കോമൺ ഏരിയ അടച്ച് കെട്ടി സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 05.06.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു നിലവിലെ.KMBR 2019 Rule 2 Built up ഏരിയ, വരാന്ത എന്നിവയുടെ നിർവചനം പ്രകാരം ടി ഏരിയ Built up ഏരിയ ആയി കണക്കാക്കുന്നതാണെന്നും, ടി നിർമ്മാണം KMBR 2019 Rule 4 പ്രകാരം ലംഘനം ആയതിനാൽ ആയത് പൊളിച്ച് നീക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 06.11.2025 തീയതി ഹർജികക്ഷി ഹാജരായിഎതിർകക്ഷിക്ക് തിരുവനന്തപുരം നഗരസഭ നൽകിയ നോട്ടീസ്challenge ചെയ്തുകൊണ്ട് ടിയാൻ LSGD ട്രൈബ്യൂണലിനെ സമീപിക്കുകയും ട്രൈബ്യൂണൽ നഗരസഭയുടെ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടെന്നും കമ്മീഷനെ അറിയിച്ചു.

4. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ കേരള മനുഷ്യാവകാശ കമ്മീഷൻ റഗുലേഷൻ 17(എച്ച്) പ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ ഈ കമ്മീഷന് സാധിക്കുകയില്ല. ട്രൈബ്യൂണലിൻറെ സ്റ്റേ വെക്കേറ്റ് ചെയ്തു കഴിഞ്ഞാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി, ഹർജികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ